## മധുരമായ കുട്ടികളേ, ശിവബാബ ഈ സമയം നിങ്ങൾക്ക് മുന്നിൽ ഹാജരാണ്, നിങ്ങൾക്ക് ആദ്യം നിശ്ചയം ഉണ്ടായിരിക്കണം പഠിപ്പിക്കുന്നത് സ്വയം ശിവബാബയാണ്, ഏതെങ്കിലും ദേഹധാരികളല്ല.

**ചോദ്യം:** ബാബയോട് ഏത് ചോദ്യം ചോദിക്കുന്നതും ബാബയെ അപമാനിക്കുന്നതിന് സമാനമാണ്?
**ഉത്തരം:** കുട്ടികൾ ബാബയോട് ചോദിക്കുന്നു- എന്നുവരെ ഈ ശരീരത്തിൽ അവതരണം ഉണ്ടാകും അതായത് വിനാശം എപ്പോഴാണ് ഉണ്ടാകുന്നത്? ബാബ പറയുകയാണ്- ഇത് നിങ്ങൾ എന്നെ അപമാനിക്കുകയല്ലേ. അതിഥിയോട് ചോദിക്കുകയാണ് ഇനി എത്ര ദിവസം ഉണ്ടാകും? ഇത് അപ്പോൾ അപമാനിക്കൽ അല്ലേ! എന്താ ഞാൻ നിങ്ങൾക്ക് ഒരു ഭാരമായി മാറിയോ എന്ന് പറയും. ശിവബാബ ഏതുവരെ ഇവിടെ ഉണ്ടോ- അതുവരെ നിങ്ങൾ കുട്ടികൾ സന്തുഷ്ടരല്ലേ അതിനാൽ ഇങ്ങനെയുള്ള ചോദ്യങ്ങൾ ഒന്നും ചോദിക്കരുത്.

**ഓം ശാന്തി**. ബാബ ഇരുന്ന് ബ്രഹ്മാവിൽ കൂടി തന്റെ മക്കളെ, ബ്രഹ്മാകുമാരന്മാരേയും ബ്രഹ്മാകുമാരിമാരേയും പഠിപ്പിക്കുകയാണ്. ബ്രഹ്മാകുമാർ-കുമാരിമാർ മാത്രമേ മനസ്സിലാക്കുന്നുള്ളൂ എന്തെന്നാൽ നിരാകാരനായ അച്ഛൻ ബ്രഹ്മാവിലൂടെ പഠിപ്പിച്ചുകൊണ്ടിരിക്കുകയാണ് എന്ന്. ബാബ നിരാകാരനാണ്. ആർക്കെങ്കിലും സാക്ഷാത്കാരം മറ്റും ചെയ്യിക്കണം എങ്കിൽ ബ്രഹ്മാവിന്റെ ശരീരത്തേയും ഒപ്പം കൂട്ടും. അഥവാ സ്വയം എന്റെ സക്ഷാത്കാരം ചെയ്യിച്ചാൽ ആർക്കും മനസ്സിലാകില്ല. അതാണെങ്കിൽ ഒരു ബിന്ദു. ഏതുപോലെ ആത്മാവ് നക്ഷത്രമാണോ, അതുപോലെ പരമാത്മാവും ബിന്ദുവാണ്. ഇത് ബുദ്ധികൊണ്ട് ഉൾക്കൊള്ളുന്നു. ഇനി സാക്ഷാത്കാരം ഉണ്ടായി എന്നിരുന്നാലും, കാണുന്ന രൂപം അതുതന്നയല്ലേ മറ്റേതെങ്കിലും രൂപമാകാൻ പറ്റുമോ. സാധാരണയായി മിക്കവർക്കും ബ്രഹ്മാവിന്റെ സാക്ഷാത്കാരമാണ് ചെയ്യിക്കുന്നത് അതായത് ഇദ്ദേഹത്തിന്റെ അടുത്ത് വരൂ. ചെറിയ രൂപമുള്ളതിനെ ആരും മനസ്സിലാക്കില്ല. ബ്രഹ്മാവിലൂടെ ബാബ ഇരുന്ന് മനസ്സിലാക്കിതരുന്നു, ജ്ഞാനം നൽകുന്നു. പറയുന്നു - കുട്ടികളേ ഞാൻ ഈ സാധാരണ മനുഷ്യ ശരീരത്തിന്റെ ആധാരം എടുക്കുന്നു. ബ്രഹ്മാവ് പ്രശസ്തനാണ്. മനസ്സിലാക്കിക്കൊള്ളും ബാബ ഇദ്ദേഹത്തിലുണ്ട് എന്ന്. ഇത് ബാബയുടെ രഥമാണ്. ബാബ ഇല്ലായെങ്കിൽ ഈ ബ്രഹ്മാവ് എന്തിനാണ്. അങ്ങനെയെങ്കിൽ ഈ ബി.കെ-കൾ എന്തിനാണ്. കുട്ടികൾക്ക് ജ്ഞാനം ലഭിക്കുന്നു. നിങ്ങൾ മനസ്സിലാക്കുന്നു ഈ ജ്ഞാനം പരമപിതാവായ പരമാത്മാവിനല്ലാതെ മറ്റാർക്കും നൽകാൻ കഴിയില്ല. നോളേജ്ഫുൾ ആ നിരാകാരൻ ആണ്. അവയവങ്ങൾ ഇല്ലാതെ ജ്ഞാനം എങ്ങനെ നൽകാൻ കഴിയും? കുട്ടികൾക്ക് ഈ നിശ്ചയം ഉണ്ടായിരിക്കണം എന്തെന്നാൽ ഈ സമയം ബാബ സമീപത്ത് ഹാജരാണ്. ബുദ്ധി പറയുന്നു ബാബ ഇതിൽ പ്രവേശിച്ചിരിക്കുകയാണ്, ആ ബാബയാണ് ഇരുന്ന് ജ്ഞാനം നൽകുന്നത്. ആ പരമപിതാവായ പരമാത്മാവില്ലാതെ സ്വർഗ്ഗത്തിലെ സമ്പത്ത് ലഭിക്കുകയില്ല.

നിങ്ങൾ അറിയുന്നുവല്ലോ ഭക്തി മാർഗ്ഗത്തിൽ ഏതെല്ലാം ഉത്സവങ്ങളും മറ്റും ആഘോഷിച്ചുവരുന്നുവോ അതെല്ലാം ഈ സമയത്തിന്റെ തന്നെ ഓർമ്മച്ചിഹ്നങ്ങളാണ്. ശിവജയന്തി പോലും ഈ സമയത്തെ ആഘോഷമാണ്. ത്രിമൂർത്തി ശിവൻ, പരമപിതാവ് പരമാത്മാവ് ബ്രഹ്മാവിലൂടെ സ്ഥാപന ചെയ്യുന്നു. കൃഷ്ണൻ പുതിയ ലോകത്തിന്റെ സ്ഥാപന ചെയ്യുന്നേയില്ല. ബ്രാഹ്മണ കുലം നടന്നുകൊണ്ടിരിക്കുകയാണ്. ബ്രാഹ്മണനാണ് ദേവതയാകുന്നത് എന്ന് അവർക്ക് അറിയില്ല. ബ്രഹ്മാവിന്റെ അവകാശികൾ നിങ്ങൾ ബ്രാഹ്മണരാണ്. മനുഷ്യ ഗണത്തിൽ പെട്ടവരൊക്കെയും, സർവ്വ ധർമ്മത്തിലുള്ളവരും തങ്ങളുടെ ഗ്രേറ്റ് ഗ്രേറ്റ് ഗ്രാന്റ് ഫാദർ ബ്രഹ്മാവാണ് എന്ന് ഉൾക്കൊള്ളുന്നു, അവരെ ആദാമും ബീബിയും അഥവാ ആദിദേവനും, ആദിദേവിയും എന്നിങ്ങനെ വിളിക്കുന്നു. അവരും ശിവബാബയുടെ രചനകളാണ്. ബാബ എങ്ങനെയാണ് രചന ചെയ്തത്? അഡോപ്റ്റ് ചെയ്തു (ദത്തെടുത്തു). ഇതാണ് പ്രഥമ പ്രാധാന്യമുള്ള കാര്യം. അൽഫിനു ശേഷം ബേ(ബാബയും സമ്പത്തും). ഈ കാര്യങ്ങളെ ആരാണോ നല്ലരീതിയിൽ മനസ്സിലാക്കുന്നത് അവർ ഉയർന്ന പദവി പ്രാപ്തമാക്കും.

മനുഷ്യർ എത്ര ഘോരമായ അന്ധകാരത്തിലാണ് എന്ന് നിങ്ങൾ കുട്ടികൾ ഇപ്പോൾ മനസ്സിലാക്കുന്നു. കല്പം മുൻപും എപ്പോഴാണോ തീ പടർന്നത് അപ്പോഴാണ് ഉണർന്നത്. ആ സീൻ വീണ്ടും ഉണ്ടാകും. ഉണ്ടാകുമെന്നത് തീർച്ചയാണ്. മറ്റ് ധർമ്മത്തിലുള്ളവർ ഈ കാര്യങ്ങൾ മനസ്സിലാക്കുകയില്ല, പുരുഷാർത്ഥവും ചെയ്യില്ല. സത്യുഗത്തിലേക്ക് ഇത്രയും മനുഷ്യർക്ക് വരാൻ കഴിയില്ല. അവിടെ വളരെ കുറച്ചുപേരേ ഉണ്ടാകുകയുള്ളൂ, അവർ സൂര്യവംശീ കുലത്തിൽ ഭരണം നിർവ്വഹിക്കും. എല്ലാവരും

ഡ്രാമയുടെ ബന്ധനത്തിൽ ബന്ധിക്കപ്പെട്ടിരിക്കുന്നു. ബാബ സ്വയം പറയുന്നു ഞാനും ഡ്രാമയുടെ ബന്ധനത്തിൽ പെട്ടിരിക്കുകയാണ്. ഏതെങ്കിലും കാര്യത്തിൽ മറുപടി ഡ്രാമയിൽ ഉള്ളതാണെങ്കിൽ പറഞ്ഞുതരാം. എന്റെ പാർട്ടും ഇതിൽ ഒളിഞ്ഞിരിക്കുകയാണ്. പുറത്തുവരുന്നതനുസരിച്ച് നിങ്ങളെ പഠിപ്പിച്ചുപോരുന്നു. എല്ലാം ഡ്രാമ അനുസരിച്ചുതന്നെയാണ് നടക്കുന്നത്, അതിൽ വ്യത്യാസം ഒന്നും ഉണ്ടാകുന്നില്ല. ഡ്രാമയിൽ ഉള്ളതല്ലെങ്കിൽ മറുപടി തരില്ല. ഇനി ഇത്ര വർഷം ഉണ്ടെന്ന് ഇപ്പോൾ പറഞ്ഞുതരാം എന്നൊന്നുമില്ല. ബാബയോട് ചോദിക്കുന്നു– ബാബാ ഏതുവരെ ഈ ശരീരത്തിൽ സഞ്ചരിക്കും? പറഞ്ഞുതരില്ല. ഡ്രാമയിൽ ഇല്ലാത്തതാണെങ്കിൽ എന്തുചെയ്യാൻ പറ്റും. ഡ്രാമയിൽ ഉള്ളതാണെങ്കിൽ പറയുമായിരുന്നു. ഞാൻ വന്നതുതന്നെ നിങ്ങൾ കുട്ടികളെ പഠിപ്പിക്കുവാനാണ്. ഞാൻ നിങ്ങളുടെ അച്ഛൻ കൂടിയാണ്. നിങ്ങൾ പാടാറില്ലേ നീയേ മാതാവ് നീയേ പിതാവ്... അതേ പാർട്ട് തന്നെയാണ് ചെയ്തുകൊണ്ടിരിക്കുന്നത്. എന്റെ ഉത്തരവാദിത്വമാണ് നിങ്ങൾക്ക് ശിക്ഷണം നൽകുക എന്നത്. എന്നെ ജ്ഞാന സാഗരം എന്നും മനുഷ്യ സൃഷ്ടിയുടെ ബീജരൂപം എന്നും വിളിക്കുന്നു. ചൈതന്യത്തിലുള്ള ബീജം എല്ലാം പറയുമല്ലോ അല്ലേ. ഈ വൃക്ഷത്തിൽ ആൽമരത്തിന്റെ രൂപമാണ് കാണിച്ചിരിക്കുന്നത്. നിങ്ങൾ കാണുന്നുണ്ടല്ലോ ദേവീ ദേവത ധർമ്മം ഇപ്പോഴില്ല. ബാക്കി എല്ലാ ധർമ്മവും ഉണ്ട്. ഇപ്പോൾ ഇതെല്ലാം അവസാനിക്കും. വീണ്ടും അതാത് സമയത്തു വന്ന് സ്ഥാപന ചെയ്യും. ഞാൻ ദേവതാ ധർമ്മത്തിന്റെ സ്ഥാപനയാണ് ചെയ്തുകൊണ്ടിരിക്കുന്നത്, അത് പ്രായലോപമാകുമ്പോൾ, ചിത്രത്തിലുണ്ട്. എന്നാൽ ഇതാർക്കും അറിയില്ല ദേവീ ദേവതാ ധർമ്മം എപ്പോഴായിരുന്നു എന്ന്. എവിടെ മുങ്ങിപ്പോയി എന്ന്. കേവലം പറയും നാരായണന്റെ രാജ്യം ഉണ്ടായിരുന്നു. ദ്വാപരത്തിൽ കൃഷ്ണൻ വന്നു, ഗീത കേൾപ്പിച്ചു അത്രതന്നെ. ഈ പുരാണങ്ങൾ എല്ലാം ഭക്തിക്ക് വേണ്ടിയുള്ളതാണ്. ദ്വാപരത്തിലാണ് ഈ പുരാണങ്ങളും മറ്റും ഉണ്ടാക്കുന്നത്. സത്യഖണ്ഡത്തിൽ ദേവതമാർ മാത്രമാണ് രാജ്യം ഭരിച്ചിരുന്നത്. ഇത് അസത്യ ഖണ്ഡമാണ്. അവിടെ ഒരു പാപവും ഉണ്ടാകുന്നില്ല. ഇപ്പോൾ ബാബ നിങ്ങളെ പുണ്യാത്മാക്കൾ ആക്കിക്കൊണ്ടിരിക്കുകയാണ്. ഡ്രാമയിൽ അടങ്ങിയിട്ടുള്ളതാണ്. രാവണ രാജ്യത്തിൽ തന്നെയാണ് ഭക്തിയും പുരാണവും മറ്റും ആരംഭിക്കുന്നത്. ഈ അനാദിയായ ഡ്രാമ ഷൂട്ട് ചെയ്യപ്പെട്ടതാണ്. ഇത് കപടമായ ലോകം തന്നെയാണ്. ഈശ്വരനെ പ്രതി അനേകം കള്ളങ്ങൾ പറയുന്നു. ഈശ്വരൻ ഉയർന്നവനിലും ഉയർന്നവനാണ്, നാം ഈശ്വരനെ കാണുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ തീർച്ചയായും അദ്ദേഹത്തിൽ നിന്ന് എന്തെങ്കിലും ലഭിക്കും. അച്ഛനിൽ നിന്ന് എന്താണ് ലഭിക്കുന്നത്? അദ്ദേഹം സർവ്വരുടേയും സത്ഗതി ദാതാവ് ആണ്. സർവ്വരേയും ദു:ഖത്തിൽ നിന്നും മോചിപ്പിക്കുന്നു. രാവണനും വലിയ ശക്തിശാലിയാണ്. അരകല്പം രാവണന്റെ രാജ്യഭരണമാണ് നടക്കുന്നത്. എന്നാൽ രാവണൻ ദു:ഖം നൽകുന്നു, ഇതിനാൽ സർവ്വ മനുഷ്യരും ബാബയെ ഓർമ്മിക്കുന്നു. രാവണൻ നിങ്ങളുടെ മുഴുവൻ സാമ്രാജ്യവും തട്ടിപ്പറിക്കുന്നു, അത്രയും വലിയ ശക്തിശാലിയാണ്. ഇപ്പോൾ നിങ്ങൾക്ക് മനസ്സിലാക്കാൻ പറ്റി – ബാബ നമുക്ക് സമ്പത്ത് തരുന്നു, രാവണൻ ശാപം നൽകുന്നു. മാലോകർക്ക് ഇത് അറിയില്ല എന്തെന്നാൽ ബാബ എപ്പോഴാണ് സമ്പത്ത് നൽകുന്നത് എന്ന്. കൃഷ്ണന്റെ നാമം ഗീതയിൽ നൽകിയതിലൂടെ ഗീതയെ അസത്യമാക്കി. വലുതിലും വലിയ തെറ്റ് ഇതാണ്. ഈ ബാബയും നാരായണന്റെ പക്കാ ഭക്തൻ ആയിരുന്നു, ഗീത വായിക്കുമായിരുന്നു. ഗീത വായിക്കാതെ ഒരു കർമ്മവും ചെയ്യില്ലായിരുന്നു. പിന്നീട് സാക്ഷാത്കാരം ലഭിച്ചതോടെ മനസ്സിലാക്കി അസത്യമായ ഗീതയാണ് എന്ന്. പൂർണ്ണമായും ഉപേക്ഷിച്ചു. അച്ഛൻ നമുക്ക് ഈ (ലക്ഷ്മീ–നാരായണന്റെ) സമ്പത്ത് നൽകുന്നു. ഇപ്പോൾ വളരെയധികം ഉൾക്കൊണ്ടിരിക്കുന്നു, ശിവബാബ മനസ്സിലാക്കിച്ചുകൊണ്ടിരിക്കുകയാണ്. ഒരിക്കലും ഒരു പുരാണവും എടുത്തിട്ടില്ല. ബാബ കേൾപ്പിച്ചുകൊണ്ടിരിക്കുകയാണ്. ഇദ്ദേഹവും (ബ്രഹ്മാ ബാബ) പറയുകയാണ് – ഞാനും കേട്ടുകൊണ്ടിരിക്കുകയാണ്. എപ്പോഴെങ്കിലും ബാബ ഇല്ലായെങ്കിൽ ഇദ്ദേഹവും കേൾപ്പിക്കുന്നു. ഇദ്ദേഹത്തിൽ ബാബ ഉണ്ട്, അതിനാലാണ് ബ്രഹ്മാവിന് അത്ര പ്രശസ്തി ഇല്ലാത്തത്. അജ്മീറിൽ ഒരു അമ്പലം പണികഴിപ്പിച്ചു, എന്നാൽ ഒന്നും മനസ്സിലാക്കാതെയാണ്. കൃഷ്ണന് ഓടക്കുഴൽ നൽകിയിരിക്കുന്നു സരസ്വതിക്ക് വീണയും. സരസ്വതിയെ ഗോഡസ് ഓഫ് നോളേജ് എന്നു വിളിക്കുന്നു. ഗോഡ് ഓഫ് നോളേജ് എന്നത് ബ്രഹ്മാവിന് പകരം കൃഷ്ണനാണ് നൽകിയിരിക്കുന്നത്. ആശയക്കുഴപ്പത്തിലായിപ്പോയി.

അച്ഛൻ ഇരുന്ന് മക്കൾക്ക് മനസ്സിലാക്കിതരികയാണ് ത്രിമൂർത്തികളിൽ കൃഷ്ണൻ ഉൾപ്പെടുന്നില്ല. ഫലത്തിൽ ഉണ്ടെങ്കിലും ഗുപ്തമാണ്. രാധയും കൃഷ്ണനും തന്നെയാണ് ലക്ഷ്മി–നാരായണന്മാർ ആകുന്നത്, ഇതും ആർക്കും അറിയില്ല എന്തെന്നാൽ പരമപിതാവായ പരമാത്മാവാണ് പഠിപ്പിച്ചിരുന്നത് എന്ന്. ഇപ്പോഴും പഠിപ്പിച്ചുകൊണ്ടിരിക്കുകയാണ്. സാധൂ–സന്യാസി മുതലായവർ ഈ കാര്യം മനസ്സിലാക്കുകയാണെങ്കിൽ ഇവിടെ എല്ലാ കൂട്ടരുടെയും തിരക്ക് വർദ്ധിക്കുമായിരുന്നു. എന്നാൽ ഡ്രാമയിൽ അങ്ങനെയൊന്നും തന്നെയില്ല. അച്ഛൻ പറയുകയാണ്–ഞാൻ സംഗമത്തിൽ വന്ന് രാജയോഗം പഠിപ്പിക്കുന്നു, പാസ് ആകുന്നവരെല്ലാം സൂര്യവംശികൾ ആകുന്നു, തോൽക്കുന്നവർ എല്ലാം ചന്ദ്രവംശികൾ ആകുന്നു.

സൂര്യവംശത്തിലെ പ്രജകൾ സൂര്യവംശികൾ ആയിരിക്കും, ചന്ദ്രവംശത്തിലെ പ്രജകൾ ചന്ദ്രവംശികൾ ആയിരിക്കും. നിങ്ങൾ കുട്ടികളുടെ ബുദ്ധിയിൽ മുഴുവൻ ചക്രത്തിന്റേയും ജ്ഞാനം ഉണ്ട്. നിങ്ങൾ സ്വദർശന ചക്രധാരികളായ ബ്രാഹ്മണരാണ്. ഇതാണ് സർവ്വോത്തമ ബ്രാഹ്മണ കുലം. നിങ്ങൾ സേവാധാരി ആണ്. നിങ്ങൾ ഗുപ്ത വേഷത്തിൽ യോഗബലത്താൽ ഭാരതത്തെ സ്വർഗ്ഗമാക്കുന്നു. തീർച്ചയായും നിങ്ങൾക്ക് സ്വർഗ്ഗം ആവശ്യമാണ്. പഴയ ലോകത്തെ അവസാനിപ്പിക്കണം. ശ്രീമതത്തിലൂടെ നിങ്ങൾ നിങ്ങളുടെ രാജ്യം സ്ഥാപിച്ചുകൊണ്ടിരിക്കുകയാണ്. യാദവരുടെ രാജ്യം അവസാനിക്കണം. പാണ്ഡവർ രാജ്യം സ്ഥാപിച്ചുകൊണ്ടിരിക്കുകയാണ് – പുതിയ ലോകത്തിനു വേണ്ടി. പഴയ ലോകത്തെ കത്തിക്കണം. ഇതും മനസ്സിലാക്കുന്നുണ്ടല്ലോ – ബാക്കി എത്ര നാളുകൾ ഉണ്ടാകും എന്ന്? വളരെ കുറച്ച്. ബാക്കി എത്ര സമയം ഉണ്ട് എന്ന് നമുക്ക് ചോദിക്കാൻ കഴിയില്ല. അതിഥികളോട് ചോദിക്കാറില്ല, താങ്കൾ എത്ര ദിവസം ഉണ്ടാകും? പറയും ഞാൻ നിങ്ങൾക്ക് ഭാരമായോ എന്ന്. ശിവബാബ പറയുകയാണ് – ഞാൻ ഇവിടെയുണ്ടെങ്കിൽ നിങ്ങൾ സന്തുഷ്ടരായിരിക്കുകയില്ലേ. പിന്നെ ചോദിക്കുന്നത് എന്തിനാണ് എന്തെന്നാൽ എന്നുവരെ അവതരണം ഉണ്ടാകും എന്ന്. ഇത് ചോദിക്കുന്നത് അപമാനിക്കുന്നതുപോലെ യാണ്, ഇതിൽ ലജ്ജ ഉണ്ടാകണം. ഇത് ചോദിച്ചാൽ അതിനർത്ഥം ബാബ പെട്ടെന്ന് പോയിരുന്നെങ്കിൽ എന്നാണ്. അതിനാൽ അങ്ങനെയുള്ള ചോദ്യങ്ങൾ ഒന്നും ബാബയോട് ചോദിക്കുകയേ അരുത്. അങ്ങനെയുള്ള അച്ഛനാകാൻ ആർക്കും കഴിയില്ല. കുട്ടികൾ മാത്രമേ അച്ഛനെ അറിയുന്നുള്ളൂ. കൃഷ്ണനെക്കുറിച്ച് ഇങ്ങനെ പറയാനാവില്ല ഇദ്ദേഹത്തിൽ പരമാത്മാവുണ്ട് എന്ന്. കൃഷ്ണനെ തന്നെ ഓർമ്മിച്ചുകൊണ്ടിരിക്കുകയാണ്. പരമാത്മാവിന്റെ ഓർമ്മ വരുന്നേയില്ല. കൃഷ്ണനെ തന്നെ നോക്കിക്കൊണ്ടിരിക്കും. ശിവനെ ഓർമ്മിക്കുകപോലും ഇല്ല. അതിനാലാണ് നിങ്ങൾ കുട്ടികൾക്ക് മനസ്സിലാക്കിതന്നത് ശിവബാബയെ ഓർമ്മിക്കൂ എന്ന്. ദേഹ–അഭിമാനത്തിലിരിക്കരുത്. ശ്രീകൃഷ്ണന്റെ മഹിമയും ഒട്ടും കുറവൊന്നുമല്ല.

ബാബ പറയുന്നു എനിക്ക് വരേണ്ടത് പരദേശത്തേക്കാണ്, പഴയ ശരീരത്തിലും. ശ്രീകൃഷ്ണന് രാവണന്റെ ദേശത്തേക്ക് വരാൻ കഴിയില്ല. ഇപ്പോൾ നിങ്ങൾ അറിയുന്നു എന്തെന്നാൽ ശ്രീകൃഷ്ണന്റെ ആത്മാവാണ് പുനർജന്മം എടുത്ത് എടുത്ത് ഇപ്പോൾ ഈ ശരീരത്തിലാണ്. ഇത് അവസാനത്തെ ശരീരമാണ്. ഇത് തന്നെയാണ് പിന്നീട് നമ്പർ വൺ പാവന ശരീരമാകുന്നത്. ഈ കാര്യങ്ങൾ എല്ലാം മറ്റുള്ളവരുടേ ബുദ്ധിയിൽ വരില്ല. രാവണന്റെ ചിത്രം ഉണ്ടാക്കുന്നുണ്ട് എന്നാൽ രാവണന്റെ പ്രവേശം എപ്പോൾ മുതൽ ഉണ്ടായി? എന്നറിയുന്നില്ല. കത്തിച്ചുകൊണ്ടേയിരിക്കുകയാണ്. മരിച്ചുപോയെങ്കിൽ പിന്നെ കത്തിക്കുന്നത് അവസാനിപ്പിക്കുമല്ലോ, മരിക്കുന്നില്ല. ഓരോ വർഷവും കത്തിക്കുകയാണ്. ഇതെല്ലാം ഭക്തിമാർഗ്ഗമാണ്. ബാബ പറയുന്നു ഞാൻ നിങ്ങളേ സൂര്യവംശീ, ചന്ദ്രവംശികളാക്കി. പിന്നെ നിങ്ങൾ ശൂദ്രവംശികൾ ആയതെങ്ങനെയാണ്? ഇപ്പോൾ വീണ്ടും നിങ്ങളെ സൂര്യവംശീ, ചന്ദ്രവംശികൾ ആക്കിക്കൊണ്ടിരിക്കുക യാണ്. നിങ്ങൾ അറിയുന്നുണ്ടല്ലോ നാം ഇപ്പോൾ വിശ്വത്തെ വിജയിക്കുന്നു പിന്നീട് തോറ്റുപോകുന്നു. ദേവീദേവത ധർമ്മം ഉണ്ടായിരുന്നപ്പോൾ മറ്റ് ധർമ്മങ്ങൾ ഒന്നും ഉണ്ടായിരുന്നില്ല. ഇപ്പോൾ വീണ്ടും ആ ധർമ്മം സ്ഥാപിക്കപ്പെടുമ്പോൾ മറ്റ് ധർമ്മങ്ങൾ അവസാനിക്കും. ലക്ഷണങ്ങൾ നിങ്ങൾക്ക് കാണാൻ കഴിയും. സയൻസിന്റെ ജോലി എത്രയോ മുന്നേറിയിരിക്കുന്നു. സന്തോഷത്തോടേ ആഘോഷിക്കുന്നു. അത്തരത്തിലുള്ള വിമാനങ്ങൾ ഇറങ്ങും അത് മൂന്ന്–നാല് മണിക്കൂർ കൊണ്ട് ലണ്ടനിൽ എത്തിച്ചേരും. ഇന്നത്തെ കാലത്ത് വിമാനത്തിൽ ആനയും, കുരങ്ങനും, തവളയും ഒക്കെ സഞ്ചരിക്കുന്നു. ഇത് സുഖത്തിനുവേണ്ടിയുള്ളതാണ് ദു:ഖത്തിനും. അവിടെ വിമാനത്തിൽ ചുറ്റിക്കറങ്ങും. ഇപ്പോൾ നിങ്ങൾ ഉയർന്ന ഭാഗ്യം ഉണ്ടാക്കുവാൻ വന്നിരിക്കുകയാണ്. നിങ്ങളിൽ നിന്ന് ദേവീ–ദേവതമാരായിക്കൊണ്ടിരിക്കുക യാണ്. സ്വർഗ്ഗത്തിന്റെ മഹിമ പാടുന്നു പക്ഷേ അറിയുന്നില്ല സ്വർഗ്ഗം എപ്പോഴായിരുന്നു എന്ന്. സ്വർഗ്ഗം പൂകി എന്നു പറയുന്നുവെങ്കിൽ തീർച്ചയായും നരകത്തിൽ ആയിരുന്നു. എന്നാൽ നിങ്ങൾ നരകവാസിയാണ് എന്ന് നേരിട്ട് പറഞ്ഞാൽ ദ്വേഷ്യപ്പെടും. ഇപ്പോൾ നിങ്ങളിൽ ശക്തിയുണ്ട്. നിങ്ങൾക്ക് പറയാൻ കഴിയും എന്തെന്നാൽ നിങ്ങൾ പതീതപാവനാ എന്ന് വിളിക്കുകയാണ് അപ്പോൾ നിങ്ങൾ തീർച്ചയായും പതീതമല്ലേ. ബാബ പറയുകയാണ് – ഇപ്പോൾ വൃക്ഷം ജീർണ്ണിച്ച് അവശമായ അവസ്ഥയിൽ എത്തി നിൽക്കുകയാണ്. മഹാഭാരത യുദ്ധം പ്രസിദ്ധമാണ്. നിങ്ങൾ അറിയുന്നുണ്ടല്ലോ നമ്മൾ വന്നത് രാജ്യപദവി നേടാനാണ് എന്ന്. നമ്മൾ സ്ഥാപനക്ക് നിമിത്തമായവർ ആണ്. മുന്നോട്ടുപോകുമ്പോൾ ഈ സന്യാസിമാരും മഹാത്മാക്കളും നിങ്ങളുടെ വാക്കുകൾ മാനിക്കും, ഇതെല്ലാം ഡ്രാമയിൽ അടങ്ങിയിട്ടുള്ളതാണ്. ശരി.

വളരെക്കാലത്തെ വേർപാടിന് ശേഷം കളഞ്ഞ് പോയി തിരികെ കിട്ടിയ കുട്ടികളെ പ്രതി മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണയും പുലർകാല വന്ദനവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

**ധാരണക്കുള്ള മുഖ്യമായ സാരം -**

1. ഗുപ്ത രൂപത്തിൽ യോഗബലത്തിലൂടെ ഭാരതത്തെ സ്വർഗ്ഗമാക്കുന്നതിന്റെ സേവനം ചെയ്യണം, ആത്മീയ സേവാധാരി ആകണം.

2. നമ്മുടേത് സർവ്വോത്തമമായ ബ്രാഹ്മണ കുലമാണ്, നമ്മൾ സ്വദർശന ചക്രധാരികളാണ്. ഈ ലഹരിയിൽ കഴിയണം. ഒരു കാര്യത്തിലും സംശയം ഉണ്ടാകരുത്.

## വരദാനം:- പരമാത്മാ ചിന്തനത്തിന്റെ ആധാരത്തിൽ സദാ നിശ്ചിന്തരായിരിക്കുന്ന നിശ്ചയബുദ്ധി, നിശ്ചിന്തരായി ഭവിക്കട്ടെ.

ലോകത്തുള്ളവർക്ക് ഓരോ ചുവടിലും ചിന്തയാണ്, എന്നാൽ താങ്കൾ കുട്ടികളുടെ ഓരോ സങ്കല്പത്തിലും പരമാത്മാ ചിന്തനമാണ്, അതിനാൽ നിശ്ചിന്തരാണ്. ചെയ്യിപ്പിക്കുന്നവൻ ചെയ്യിപ്പിച്ചുകൊണ്ടിരിക്കുന്നു, താങ്കൾ നിമിത്തമായി ചെയ്യുന്നവരാണ്, സർവ്വരുടെയും സഹയോഗത്തിന്റെ വിരലുകളുണ്ട്, അതിനാൽ ഓരോ കാര്യവും സഹജവും സഫലവുമായിക്കൊണ്ടിരിക്കുന്നു, എല്ലാം ശരിയായി നടന്നുകൊണ്ടിരിക്കുന്നു, നടക്കുകയും വേണം. ചെയ്യിപ്പിക്കുന്നവൻ ചെയ്യിപ്പിച്ചുകണ്ടിരിക്കുന്നു, നമുക്ക് കേവലം നിമിത്തമായി ശരീരം, മനസ്സ്, ധനത്തിലൂടെ സഫലമാക്കണം. ഇത് തന്നെയാണ് ചിന്തയില്ലാത്ത, നിശ്ചിന്ത സ്ഥിതി.

## സ്ലോഗൻ:- സദാ സന്തുഷ്ടതയുടെ അനുഭവം ചെയ്യണമെങ്കിൽ സർവ്വരുടെയും ആശീർവ്വാദങ്ങൾ എടുത്തുകൊണ്ടിരിക്കൂ.